# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.163 07.03.2017 - ൽ മറുപടിയ്ക്ക്

**<u>മരുന്നു വില നിയന്ത്രിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ് :<br>ശ്രീ.കെ.ആൻസലൻ :<br>ശ്രീ.കെ.ബാബു :<br>ശ്രീ.ഡി.കെ.മുരളി: | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്ത് മരുന്നു വില നിയന്ത്രിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയാണ്; | (എ) കേന്ദ്ര അവശ്യവസ്തു നിയമത്തിന്റെ **(Essential Commodities Act)** പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിനു കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വില്ക്കപ്പെടുന്നില്ലെന്നും ജീവൻ രക്ഷാ മരുന്നുകൾ സുലഭമായി ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. രാജ്യത്ത് ലഭ്യമാകുന്ന ഭൂരിഭാഗം മരുന്നുകളുടെയും വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന 348 മരുന്നുകളുൾപ്പെട്ട നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസ് 2011 (NLEM 2011) ഭേദഗതി ചെയ്ത് 377 ഇനം മരുന്നുകൾ ദേശീയ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത മരുന്നുകളുടെയും അവയുടെ വിവിധ ഫോർമുലേഷനുകളുടെയും വില, ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി വിവിധ ഗസറ്റ് വിജ്ഞാപനങ്ങളിലൂടെ ഘട്ടം ഘട്ടമായി നിശ്ചയിച്ചുറപ്പിച്ചു വരുന്നു. 2013 ജൂലൈ മുതൽ നാളിതുവരെ അവശ്യ മരുന്നുകളുടെ 880-ഓളം വ്യത്യസ്ത ഫോർമുലേഷനുകളുടെ വില നിശ്ചയിച്ചുറപ്പിച്ചു കഴിഞ്ഞു. ബാക്കിയുള്ള ഫോർമുലേഷനുകളുടെ വില നിയന്ത്രണത്തിനുള്ള നടപടികൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി |

നടത്തി വരുന്നു. വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ (De-Controlled Formulations) വിലയിൽ വർഷം തോറും 10% വർദ്ധനവ് നടത്തുവാൻ നിർമ്മാതാക്കൾക്ക് ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ അനുവാദമുണ്ട്.

ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിലും പരാതികളുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലും മരുന്നു വില പരിധി ലംഘിക്കുന്നതായി കാണുന്ന മരുന്ന് നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നുണ്ട്. 2016 - ൽ ഇത്തരത്തിൽ പതിനഞ്ച് മരുന്നുകളുടെ വിശദാംശങ്ങൾ വകുപ്പ് അനന്തര നടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം നിയമലംഘനങ്ങളിൻമേൽ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നേരിട്ട് നിർമ്മാതാക്കൾക്ക് നോട്ടീസ് നൽകി, മരുന്നു ബാച്ചുകളുടെ വിവരങ്ങൾ ശേഖരിച്ച് അമിതവില ഈടാക്കിയ തുക മുഴുവനും കേന്ദ്ര സർക്കാരിലേക്ക് അടപ്പിക്കുന്നതിനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. വിലപരിധി നിയന്ത്രണം മറികടന്നുള്ള മരുന്നുവിൽപ്പന ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യവസ്തു നിയമം അനുശാസിക്കുന്ന പ്രകാരം വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

ഔഷധവില നിയന്ത്രണ സമിതിയുടെ പ്രൈസ് മോണിറ്ററിംഗ് റിസോഴ്സ് യൂണിറ്റ് സംസ്ഥാനതലത്തിൽ പ്രാവർത്തികമാകുന്നതോടുകൂടി വകുപ്പിന് കൂടുതൽ ഫലപ്രദമായ രീതിയിൽ അവശ്യമരുന്നുകളുടെ ലഭ്യതയും വില നിയന്ത്രണവും ഉറപ്പാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ സർക്കാർ എത്ര കാരുണ്യ ഫാർമസികൾ അനുവദിച്ചെന്നും നിലവിൽ ആകെ എത്രയെണ്ണം ഉണ്ടെന്നും അറിയിക്കാമോ; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം 5 പുതിയ കാരുണ്യ ഫാർമസികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 11 കാരുണ്യ ഫാർമസികൾകൂടി പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട്. നിലവിൽ മണ്ഡലകാലത്ത് പ്രവർത്തിക്കുന്ന പമ്പ, സന്നിധാനം എന്നിവിടങ്ങളിലേതുൾപ്പെടെ 54 കാരുണ്യ കമ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നു. |

(സി) ഇത്തരം ഫാർമസികളിൽ അവശ്യ മരുന്നുകൾ പലതും ലഭ്യമല്ലെന്ന പരാതി പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും, ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്ക് ആവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയിലുള്ള ചില കുറവുകൾ കാരുണ്യ ഫാർമസികളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാരുണ്യ കമ്യൂണിറ്റി ഫാർമസികളിൽ നിലവിൽ സംഭരിക്കുന്ന മരുന്നുകളെ ആവശ്യക്കാരുടെ എണ്ണം കണക്കിലെടുത്ത്, ഏറ്റവും കൂടുതൽ/മിതമായ രീതിയിൽ/ നേരിയ രീതിയിൽ എന്നിങ്ങനെ മൂന്നായി തരംതിരിച്ച്, അവസരോചിതമായ ഇടപെടലിലൂടെ കരുതൽ ശേഖരം ഉറപ്പാക്കി, തുടർച്ചയായ മരുന്ന് ലഭ്യത സാധ്യമാകുന്ന തരത്തിലാണ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

ഇതുകൂടാതെ സർക്കാർ ആശുപത്രികൾ വഴി നടപ്പിലാക്കുന്ന വിവിധ തരം കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളായ ജനനി ശിശു സുരക്ഷാ കാര്യക്രമം (JSSK), രാഷ്ട്രീയ സ്വാസ്ഥ്യ ബിമായോജന (RSBY), കാരുണ്യ ബെനവലന്റ് ഫണ്ട് മുതലായവയുടെ ഉപഭോക്താക്കളായ രോഗികൾക്ക് നിർദ്ദേശിക്കപ്പെടുന്ന മരുന്നുകളുടെ പട്ടിക , ആശുപത്രികളിലെ ഡോക്ടർമാരിൽ നിന്നും ലഭ്യമാക്കി, അവ പ്രത്യേകം വാങ്ങി സംഭരിച്ച് അനുസ്യൂതം വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. വിവിധ ജീവൻ രക്ഷാ മരുന്നുകളും ഈ രീതിയിൽ സംഭരിച്ച് വിതരണം ചെയ്തുവരുന്നു.

(ഡി) കാരുണ്യയുടെ വിലവിവര പ്പട്ടിക പ്രകാരം വില കൂടിയ വിവിധ മരുന്നുകൾക്ക് പരമാവധി വില്പനവിലയുടെ പത്ത് ശതമാനത്തിൽ താഴെ മാത്രമേ യഥാർത്ഥ വിലയുള്ളൂ എന്നിരിക്കെ യാതൊരു നീതീകരണവു- മില്ലാതെ വില പരമാവധി കൂട്ടി നിശ്ചയിച്ച് രോഗികളെ കൊള്ളയടിക്കുന്ന കമ്പനി കൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സാധ്യമാണോ എന്നറിയിക്കുമോ?

(ഡി) ഇടനിലക്കാരായ മൊത്തവിതരണക്കാരെ ഒഴിവാക്കി കോമ്പറ്റിറ്റീവ് ടെൻഡർ വഴി നിർമ്മാതാക്കളിൽ നിന്നും മരുന്നുകൾ നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്ന രീതിയാണ് കാരുണ്യ ഫാർമസികളിൽ നടന്നുവരുന്നത്. നീതി, കാരുണ്യ, മാവേലി എന്നീ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ മരുന്നുകളുടെ ലാഭ വിഹിതം കുറച്ചാണ് മരുന്നുകളുടെ പായ്ക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി വിലയേക്കാളും കുറഞ്ഞവിലക്ക് രോഗികൾക്ക് മരുന്നുകൾ വിതരണം നടത്തുന്നത്. ഇത്തരം സ്ഥാപനങ്ങളിൽ മരുന്നുകളുടെ ഡിസ്കൗണ്ട് വില നിശ്ചയിക്കുന്നത്. അതാത് പേരന്റ് സ്ഥാപനങ്ങളായ അംഗീകൃത സൊസൈറ്റി/ ട്രസ്റ്റ്, കൺസ്യൂമർഫെഡ്, കെ.എം.എസ്.സി.എൽ എന്നിവരുടെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ്. പൊതുവിപണിയിൽ ടി മരുന്നുകൾ എല്ലാം തന്നെ പായ്ക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി ചില്ലറ വിൽപ്പന വിലയിലാണ് (എം.ആർ.പി) വിതരണം ചെയ്യുന്നത്. മരുന്നിന്റെ യഥാർത്ഥ വിൽപ്പന

വിലയേക്കാളും വളരെ വലിയ തോതിൽ എം.ആർ.പി. രേഖപ്പെടുത്തുന്ന രീതിയിൽ മാറ്റം വരുത്തുവാൻ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയ്ക്ക് മാത്രമേ അധികാരമുള്ളു. അടിസ്ഥാന അവശ്യ മരുന്നുകളിൽ ഭൂരിഭാഗത്തിന്റേയും വിലനിയന്ത്രണം പ്രാബല്യത്തിൽ വന്നുകഴിഞ്ഞെങ്കിലും സ്പെഷ്യാലിറ്റി മരുന്നുകൾക്ക് ദേശീയ ഔഷധവില നിയന്ത്രണ അതോറിറ്റി വില നിശ്ചയിച്ചുറപ്പിക്കേണ്ടതായുണ്ട്. സമീപ ഭാവിയിൽ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി ഇവയുടെ വിലനിയന്ത്രണവും പ്രാബല്യത്തിൽ വരുത്തുമെന്നാണ് പ്രതീക്ഷ. എന്നിരുന്നാലും വിലനിയന്ത്രണം നിലവിലില്ലാത്ത ഡീകൺട്രോൾഡ് മരുന്നുകൾക്ക് വർഷത്തിൽ 10% മാത്രമേ വിലവർദ്ധനവ് ഔഷധ വില നിയന്ത്രണ അതോറിറ്റി അനുവദിച്ചിട്ടുള്ളു. ആയതു കൊണ്ടുതന്നെ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ മുൻകൂർ അനുമതി ഇല്ലാതെയോ യാതൊരു നീതികരണവുമില്ലാതെയോ മരുന്നുകൾക്ക് വില പരമാവധി കൂട്ടി നിശ്ചയിക്കാനുള്ള അധികാരം നിർമ്മാണ കമ്പനികൾക്കില്ല.

സെക്ഷൻ ഓഫീസർ